ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04-02-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ലോക്സഭയിൽ മറുപടി നൽകും.

**Prime Minister Narendra Modi will today reply in the Lok Sabha to the discussion on the Motion of Thanks to the President's address to the joint sitting of the both the Houses of Parliament**

2) കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

**The government today said the Narendra Modi-led government is committed to increasing the income of the farmers, says Union Minister for Agriculture, Shivraj Singh Chouhan**

3) ഡൽഹി നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

**Delhi gears up for Assembly polls tomorrow; All arrangements put in place for smooth conduct of elections.**

4) ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് യോഗം ചേരും.

**Union Home Minister Amit Shah to chair security review meeting on Jammu and Kashmir in New Delhi today.**

5) 38 ാമത് ദേശീയ ഗെയിംസ് ബാസ്കറ്റ് ബോളിൽ കേരളത്തിന് ഇരട്ടവെള്ളി.

**In 38th National Games, Kerala cliches two silver in 3X3 Basket Ball**

6) കാനഡയ്ക്കും മെക്സിക്കോയ്ക്കും, ഏർപ്പെടുത്തിയ ഉയർന്ന ഇറക്കുമതി തീരുവ ഒരു മാസത്തേക്ക് നിർത്തിവെക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

**U.S. President Donald Trump has announced a one-month delay in U.S. tariff hikes on Canada and Mexico, after the two neighboring countries agreed to strengthen border security efforts.**

**@@@@@@@@@@@@@@@@@@@**

**HEADLINE-1**

**RIJIJU- PM**

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം ലോക്സഭയിൽ മറുപടി നൽകും. ഇരുസഭകളിലും നന്ദിപ്രമേയ ചർച്ചകൾ ഇന്നലെയാണ് ആരംഭിച്ചത്. രൂക്ഷമായ ഭരണ-പ്രതിപക്ഷ വാഗ്വാദങ്ങൾക്കാണ് പാർലമെൻറ് ഇന്നലെ വേദിയായത്. അതേസമയം മഹാ കുംഭമേളയിലെ അപകടം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് രാജ്യസഭയിൽ പ്രതിപക്ഷ അംഗങ്ങൾ അവതരിപ്പിച്ച അടിയന്തര പ്രമേയം ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് തള്ളി . ലോക്സഭയിലും, രാജ്യസഭയിലും നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

@@@@@@@@@@@@@@@@

**HEADLINE-2**

**SIVRAJ PAR INTRO**

***കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ .ലോക്സഭയിൽ ചോദ്യോത്തര വേളയിൽമറുപടി നൽകുകയായിരുന്നു അദ്ദേഹം.***
***ലോകത്ത് നാളികേര ഉൽപാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണെന്നും, തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ നിയന്ത്രിക്കാൻ സർക്കാർ മതിയായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.***

*(ഹോൾഡ്)*

@@@@@@@@@@@@@@@@

**REV. RS-POWER**

രാജ്യത്തിന്റെ സ്ഥാപിത ഊർജ്ജ ഉത്പാദന ശേഷി 2031-32 ആകുമ്പോഴേക്കും 874 ജിഗാ വാട്സ് ആയി ഉയർത്താൻ പദ്ധതിയിടുന്നതായി കേന്ദ്ര സർക്കാർ .കൽക്കരി, ലിഗ്നൈറ്റ് എന്നിവയുൾപ്പെടെയുള്ള പരമ്പരാഗത സ്രോതസ്സുകളിൽ നിന്നും സൗരോർജ്ജം, കാറ്റ്, ജലവൈദ്യുതി തുടങ്ങിയ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുമുള്ള ഉത്പാദനം ഇതിൽ ഉൾപ്പെടുന്നതായി കേന്ദ്ര സഹമന്ത്രി ശ്രീപാദ് നായിക് രാജ്യസഭയിൽ രേഖാമൂലം നൽകിയ

മറുപടിയിൽ പറഞ്ഞു. നിലവിലെ സ്ഥാപിത വൈദ്യുതി ഉത്പാദന ശേഷി 462 ജിഗാ വാട്സ് ആണെന്നും. രാജ്യത്ത് വൈദ്യുതി ലഭ്യത ആവശ്യത്തിനുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

@@@@@@@@@@@@@@@@

## HEADLINE-3

## DELHI ELECTION intro

*ഡൽഹി നാളെ പോളിങ് ബൂത്തിലേക്ക്. 70 അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് നാളെ നടക്കും. തിരഞ്ഞെടുപ്പിനുള്ള എല്ലാ ക്രമീകരണങ്ങളും മണ്ഡലങ്ങളിൽ പൂർത്തിയായി.*

*വിശദാംശങ്ങളിലേക്ക്......*

*(V0)*

*ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ നാളെ ഒരു കോടി 56 ലക്ഷത്തിലധികം വോട്ടർമാരാണ് സമ്മതിദാനാവകാശം വിനിയോഗിക്കുക. രാവിലെ 7 മുതൽ വൈകുന്നേരം 6 വരെയാണ് വോട്ടെടുപ്പ് . 699 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്നലെ അവസാനിച്ചു. വീടുവീടാന്തരമെത്തി, പരമാവധി വോട്ടർമാരെ നേരിൽക്കണ്ട് വോട്ടുറപ്പിക്കാനുള്ള അന്തിമഘട്ട നീക്കത്തിലാണ് രാഷ്ട്രീയപാർട്ടികൾ. 1.8 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കായി വിന്യസിച്ചിട്ടുള്ളത് . കർശന നിയന്ത്രണ നടപടികളുടെ ഭാഗമായി 220 കോടി രൂപയിലധികം വിലമതിക്കുന്ന പണം, മദ്യം, സൗജന്യ വസ്തുക്കൾ തുടങ്ങിയവ പിടിച്ചെടുത്തു. ശനിയാഴ്ചയാണ് വോട്ടെണ്ണൽ. വോട്ടെടുപ്പ്, വോട്ടെണ്ണൽ ദിവസങ്ങളിൽ ഡൽഹി മെട്രോയുടെ എല്ലാ ലൈനുകളും പുലർച്ചെ 4:00 മണിക്ക് പ്രവർത്തനം ആരംഭിക്കും. . നാളെ വൈകിട്ട് 6.30 വരെ എക്സിറ്റ് പോളുകൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

@@@@@@@@@@@@@@@@

## HEADLINE-4

**Amit Shah -JK**

ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും. ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, ഇൻറലിൻജൻസ് ബ്യൂറോ , റോ എന്നിവയുടെ മേധാവിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും. ജമ്മു കശ്മീരിൽ നിന്നും ഭീകരവാദം തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെ ഇക്കഴിഞ്ഞ ഡിസംബറിലും ഇത്തരത്തിൽ യോഗം ചേർന്നിരുന്നു.

**@@@@@@@@@@@@@@@@**

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

**@@@@@@@@@@@@@@@@**

**K S R T C STRIKE**

KSRTC യിൽ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ പ്രഖ്യാപിച്ച 24 മണിക്കൂർ പണിമുടക്ക് പുരോഗമിക്കുന്നു. ശമ്പളം, ഡിഎ കുടിശിക എന്നിവ സമയബന്ധിതമായി വിതരണം ചെയ്യണം തുടങ്ങിയ ആവശ്യങ്ങൾ ചൂണ്ടിക്കാണിച്ചാണ് സമരം. അതേസമയം പണിമുടക്ക് സ്ഥാപനത്തെ തകർക്കുമെന്നും ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കരുതെന്നും ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ അഭ്യർത്ഥിച്ചു.

**@@@@@@@@@@@@@@@@**

**RATION**

സംസ്ഥാനത്ത് ജനുവരിയിലെ റേഷൻ വിതരണം നാളെ വരെ നീട്ടിയതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് വ്യാഴാഴ്ച റേഷൻ കടകൾ അടച്ചിടും. ഈ മാസത്തെ റേഷൻ വിതരണം വെള്ളിയാഴ്ച മുതലാണ് ആരംഭിക്കുക.

**@@@@@@@@@@@@@@@@**

**CANCER DAY+CM**

ഇന്ന് ലോക അർബുദ ദിനം. കാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ വളർത്തുക, രോഗം മുൻകൂട്ടി കണ്ടുപിടിക്കുക, ചികിത്സ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, എന്നിവ ലക്ഷ്യമിട്ടാണ് 2005 മുതൽ എല്ലാ വർഷവും ഫെബ്രുവരി 4, ലോക അർബുദ ദിനമായി ആചരിക്കുന്നത്.

സംസ്ഥാന ആരോഗ്യ വകുപ്പിൻറെ ഒരു വർഷം നീളുന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. . ഇന്നു മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 വരെ നീളുന്ന ആദ്യഘട്ട കാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയുടെ പരിശോധനയും ചികിത്സയും ഉറപ്പാക്കും.

@@@@@@@@@@@@@@@@

**MAHAKUMBH – KING OF BHUTAN**

കുംഭമേളയിൽ പങ്കെടുക്കാനെത്തിയ ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നംഗ്യേൽ വാങ്ചുക്ക് ഇന്ന് ത്രിവേണി സംഗമത്തിൽ സ്നാനം നടത്തി. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഒപ്പമുണ്ടായിരുന്നു. അക്ഷയ്- വട്, ബഡേ ഹനുമാൻ ക്ഷേത്രങ്ങളിലും അദ്ദേഹം ദർശനം നടത്തും.

@@@@@@@@@@@@@@@@

**HEADLINE-5**

**NATIONAL GAMES**

ഉത്തരാഖണ്ഡിൽ നടക്കുന്ന 38 ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇരട്ടവെള്ളി. ബാസ്ക്കറ്റ് ബോൾ 3x3 പുരുഷ, വനിതാ വിഭാഗങ്ങളിലാണ് കേരളം വെള്ളി മെഡലുകൾ സ്വന്തമാക്കിയത്. വനിതകളുടെ 100 മീറ്റർ ബ്രസ്റ്റ് സ്ട്രോക്കിൽ ഹർഷിത ജയറാം ഫൈനലിൽ പ്രവേശിച്ചു. മെഡൽ പട്ടികയിൽ കർണാടക ഒന്നാം സ്ഥാനത്തും സർവീസസ് രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. ആറ് സ്വർണം ഉൾപ്പെടെ 17 മെഡലുകളുമായി പട്ടികയിൽ പത്താമതാണ് കേരളം .

@@@@@@@@@@@@@@@@@@

**Fishermen Alert**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ തീരങ്ങളിലും, തമിഴ്നാട് തീരത്തും നാളെ രാവിലെ 05.30 മുതൽ വൈകുന്നേരം 05.30 വരെ ഉയർന്ന തിരമാലകൾക്കും, കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്. അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണമെന്നും നിർദ്ദേശമുണ്ട്.

@@@@@@@@@@@@@@@@@@

**STOCK/GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 799 പോയിൻറ് ഉയർന്ന് 77,986 ലും നിഫ്റ്റി 235 പോയിൻറ് നേട്ടത്തിൽ 23,593 ലും വ്യാപാരം തുടരുന്നു. സ്വർണവില സർവകാല റെക്കോർഡിൽ. പവന് 840 രൂപ ഉയർന്ന് 62,480 രൂപയും ഗ്രാമിന് 105 രൂപ വർദ്ധിച്ച് 7,810 രൂപയുമാണ് ഇന്നത്തെ വില.

@@@@@@@@@@@@@@@@@@

**HEADLINE-6**

**TRUMP TARIFF DELAY**

കാനഡയ്ക്കും മെക്സിക്കോയ്ക്കും, ഉയർന്ന ഇറക്കുമതി തീരുവ ഏർപ്പെടുത്തിയ തീരുമാനം ഒരു മാസത്തേക്ക് നിർത്തിവെക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അതിർത്തി സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്താൻ രണ്ട് അയൽ രാജ്യങ്ങളും സമ്മതിച്ചതിനെത്തുടർന്നാണ് പ്രഖ്യാപനം . എന്നാൽ ചൈനീസ് ഉത്പന്നങ്ങൾക്കേർപ്പെടുത്തിയ ഉയർന്ന തീരുവ ഇന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതിന് മറുപടിയായി കൽക്കരി, എൽപിജി എന്നിവയിൽ ഉൾപ്പെടെ യുഎസ് ഇറക്കുമതിക്ക് അധിക തീരുവ ചുമത്തുമെന്ന് ചൈനീസ് വാണിജ്യ മന്ത്രാലയം പ്രഖ്യാപിച്ചു. അമേരിക്കയുമായുള്ള അതിർത്തിയിൽ ഹെലികോപ്റ്റർ നിരീക്ഷണം ഉൾപ്പെടെ ഏർപ്പെടുത്തുമെന്ന് കാനഡയും, 10,000 സൈനികരെ വിന്യസിക്കുമെന്ന് മെക്സിക്കോയും അറിയിച്ചിട്ടുണ്ട്.

@@@@@@@@@@@@@@@@

**TRUMP-NETANYAHU MEET**

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും ബെഞ്ചമിൻ നെതന്യാഹുവും ഇന്ന് വാഷിംഗ്ടണിൽ കൂടിക്കാഴ്ച നടത്തും. ഇസ്രായേൽ - ഹമാസ് വെടിനിർത്തൽ കരാർ, ബന്ദികളുടെ മോചനം എന്നിവ സംബന്ധിച്ച് ഇരുവരും ചർച്ച നടത്തും. അന്താരാഷ്ട്ര ക്രിമിനൽ കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചതിന് ശേഷമുള്ള നെതന്യാഹുവിന്റെ ആദ്യ വിദേശ യാത്രയാണിത്.

@@@@@@@@@@@@@@@@

**PM WEVER BELGIUM**

ബെൽജിയം പ്രധാനമന്ത്രിയായി സ്ഥാനമേറ്റ ബാർട്ട് ഡെ വിവറിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി . ഇന്ത്യ-ബെൽജിയം ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആഗോള വിഷയങ്ങളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനും ഒരുമിച്ച് പ്രവർത്തിക്കാനാകുമെന്ന പ്രതീക്ഷയും ശ്രീ മോദി സമൂഹമാധ്യമത്തിൽ പങ്കുവച്ചു .

@@@@@@@@@@@@@@@@

**INDIA-UN CONTRIBUTION**

ഐക്യരാഷ്ട്രസഭയ്ക്ക് ഇന്ത്യ ഈ വർഷം 37.64 ദശലക്ഷം യുഎസ് ഡോളർ സംഭാവന ചെയ്തതായി യുഎൻ വക്താവ് സ്റ്റെഫാൻ ഡുജാറിക് . ഐക്യരാഷ്ട്രസഭയോടുള്ള സാമ്പത്തിക പ്രതിബദ്ധത കൃത്യമായി നിറവേറ്റുന്നതിൽ ഇന്ത്യയെ അദ്ദേഹം അഭിനന്ദിച്ചു.

@@@@@@@@@@@@@@@@

**Syria**

സിറിയയിലെ മെൻബിജിൽ കാർ ബോംബ് സ്ഫോടനത്തിൽ 20-ലേറെ പേർ കൊല്ലപ്പെട്ടു. കർഷക തൊഴിലാളികളുമായി പോകുകയായിരുന്ന ലോറി സ്ഫോടക വസ്തുക്കൾ നിറച്ച കാറിനെ കടന്നു പോകുന്നതിനിടെയാണ് അപകടം. സ്ഫോടനത്തിൻറെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. മൂന്നു ദിവസത്തിനിടെ മേഖലയിലുണ്ടാകുന്ന രണ്ടാമത്തെ കാർ ബോംബ് സ്ഫോടനമാണിത്.

@@@@@@@@@@@@@@@@

**ISL FOOTBALL**

ഐ എസ് എൽ ഫുട്ബാളിൽ നാളെ മോഹൻ ബഗാൻ - പഞ്ചാബ് എഫ്സിയെ നേരിടും . കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം .ഇന്നലെ നടന്ന ഒഡീഷ എഫ്സി-നോർത്ത്-ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം സമനിലയിലാണ് അവസാനിച്ചത്.

@@@@@@@@@@@@@@@@

**ATISHI – DELHI POLCE**

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ചെന്നും ഉദ്യോഗസ്ഥരുടെ ജോലി തടസ്സപ്പെടുത്തിയെന്നും ചൂണ്ടിക്കാട്ടി, കൽക്കാജിയിലെ ആംആദ്മി പാർട്ടി സ്ഥാനാർത്ഥിയും ഡൽഹി മുഖ്യമന്ത്രിയുമായ അതിഷിക്കെതിരെ ഡൽഹി പൊലീസ് കേസെടുത്തു. അന്വേഷണം പുരോഗമിക്കുകയാണെന്നും പൊലീസ് അറിയിച്ചു.

@@@@@@@@@@@@@@
@@@@@@@@@
@@@@@